ഉത്തരം

(എ) 15-10-2000-ൽ

(ബി) ഉണ്ട്. വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം 170/2000/ യു/സി 'മാൻ മിസ്സിംഗ്' ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കടലിൽ വീണ് കാണാതായ പ്രശാന്തിനെ കണ്ടുപിടിക്കുന്നതിന് ഉടനടി സ്ഥലത്തെ നീന്തൽ അറിയാവുന്ന ആൾക്കാരും കോവളത്തെ ലൈഫ് ഗാർഡുകളും മത്സ്യത്തൊഴിലാളികൾ വള്ളങ്ങളിലും 'കാവേരി' എന്ന പോലീസ് ബോട്ടിലുമായി തിരച്ചിൽ നടത്തുകയും തുടർന്ന് കൊച്ചിയിൽനിന്ന് നേവിയിലെ മുങ്ങൽ വിദഗ്ദ്ധർ തിരച്ചിൽ നടത്തുകയും ചെയ്തിട്ടുണ്ട്.

പോലീസുകാർ പ്രതികളായിട്ടുള്ള കേസുകൾ

130 (131) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പോലീസുകാർ പ്രതികളായിട്ടുള്ള എത്ര കേസുകൾ ഉണ്ടായിട്ടുണ്ട് ;

(ബി) അതിൽ കൊലപാതക കേസുകൾ, മർദ്ദന കേസുകൾ, കബളിപ്പിക്കൽ കേസുകൾ, പിടിച്ചുപറി കേസുകൾ, ബലാൽസംഗകേസുകൾ എന്നിവ എത്ര വീതം ഉണ്ടെന്ന് പറയാമോ ?

ഉത്തരം

(എ) 813 കേസുകൾ.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പോലീസ് ഉദ്യോഗസ്ഥന്മാരുടെ സസ്പെൻഷൻ

131 (132) ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസു ഉദ്യോഗസ്ഥന്മാരെ സസ്പെന്റ് ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്രപേരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട് ;

(സി) ഇതിൽ എത്ര പേരെ ചാർജ്ജ്ഷീറ്റ് നൽകുന്നതിനുമുമ്പ് തന്നെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട് ;

(ഡി) സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ ബാക്കിയുള്ളവർക്ക് എതിരെ നടപടി ത്വരിതപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly